## പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2166** **01/02/2018-ൽ മറുപടിയ്ക്ക്**

## വെയർ ഹൗസിംഗ് കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഡി.കെ. മുരളി | ശ്രീ. വി.എസ്. സുനിൽകുമാർ<br>(ബഹു. കൃഷി വകുപ്പ് മന്ത്രി) |
| എ) കേരള സംസ്ഥാന വെയർ ഹൗസിംഗ് കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയാണ്; | എ) സംസ്ഥാന സർക്കാരിനും കേന്ദ്ര വെയർഹൗസിംഗ് കോർപ്പറേഷനും തുല്യ ഓഹരി പങ്കാളിത്തമുള്ളതും, 1962-ലെ വെയർഹൗസിംഗ് കോർപ്പറേഷൻസ് ആക്ട് അനുസരിച്ച് പ്രവർത്തിക്കുന്നതുമായ ഒരു സ്റ്റാറ്റ്യൂട്ടറി കോർപ്പറേഷനാണ് കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷൻ. കേരളത്തിലുടനീളം 55 വെയർഹൗസുകളിലായി ശാസ്ത്രീയമായി സാധനങ്ങൾ സൂക്ഷിച്ച് വയ്ക്കാവുന്ന വിധത്തിൽ പണികഴിപ്പിച്ചിട്ടുള്ള 2 ലക്ഷം മെട്രിക് ടൺ സംഭരണ ശേഷിയുള്ള ഗോഡൗണുകളും, ഒരു കണ്ടെയ്നർ ഫ്രൈറ്റ് സ്റ്റേഷനും സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷനു കീഴിൽ പ്രവർത്തിക്കുന്നു.<br>വിളവെടുപ്പ് കാലത്ത് ഉല്പന്നങ്ങൾക്ക് ഉണ്ടാകുന്ന വിലയിടിവ് തടയുന്നതിന് അവ ശാസ്ത്രീയമായി സൂക്ഷിക്കുകയും ഉല്പന്നങ്ങൾക്ക് വില വർദ്ധിക്കുന്ന അവസരത്തിൽ കർഷകർക്ക് അത് വിൽക്കുന്നതിനും വെയർഹൗസിംഗ് കോർപ്പറേഷൻ അവസരമൊരുക്കുന്നു. വെയർഹൗസിംഗ് കോർപ്പറേഷനിൽ സൂക്ഷിക്കുന്ന കാർഷികോല്പന്നങ്ങളുടെമേൽ നൽകുന്ന വെയർഹൗസ് രസീതിന്മേൽ കർഷകർക്ക് ബാങ്കുകളിൽ നിന്നും കാർഷികവായ്പ എടുക്കുന്നതിനുള്ള സൗകര്യവും നൽകിവരുന്നു. |

(contd.................2)

| | |
|---|---|
| **ബി)** വെയർ ഹൗസുകൾ നിർമ്മിക്കുന്നതിന് എന്തുമാത്രം സ്ഥലമാണ് വേണ്ടി വരിക; വിശദവിവരങ്ങൾ നൽകാമോ; | **ബി)** വെയർഹൗസുകൾ നിർമ്മിക്കുന്നതിന് ഏറ്റവും ചുരുങ്ങിയത് 50 സെന്റ് ഭൂമി ആവശ്യമാണ്. 1500 മെട്രിക് ടൺ ഗോഡൗൺ, ഓഫീസ്, ലേബർഷെഡ് മുതലായവ 50 സെന്റ് ഭൂമിയിൽ നിർമ്മിക്കുവാൻ സാധിക്കും. |
| **സി)** തിരുവനന്തപുരം ജില്ലയിൽ വെയർ ഹൗസുകൾ എവിടെയെല്ലാമാണ് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ? | **സി)** തിരുവനന്തപുരം ജില്ലയിൽ ആറ്റിങ്ങൽ, ചാല, നെടുമങ്ങാട്, നെയ്യാറ്റിൻകര, പള്ളിച്ചൽ എന്നിവിടങ്ങളിൽ സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷന്റെ ഗോഡൗണുകൾ പ്രവർത്തിക്കുന്നുണ്ട്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ